**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**2019 ഒക്ടോബർ 29 , ചൊവ്വ**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

## മെഡിസെപ് പദ്ധതിയിൽ ഡെപ്യൂട്ടേഷൻ ജീവനക്കാരെ ഉൾപ്പെട്ടുത്താൻ നടപടി

**ചോദ്യം :T 549**
**ശ്രീ.പി.ടി.എ. റഹീം**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ ഉത്തരവ് പ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരെ പുതുതായി ആരംഭിച്ച മെഡിസെപ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | 24.04.2017 ലെ സ . ഉ ( അച്ചടി ) നം .54/2017/ ധന ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എയ്ഡഡ് സ്കൂൾ / കോളേജ് ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ ജീവനക്കാർ / പെൻഷൻകാർ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാൻഡ് - ഇൻ - എയിഡ് സ്വീകരിച്ചു വരുന്ന സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ജീവനക്കാർ / പെൻഷൻകാർ , മുഖ്യമന്ത്രി , മന്ത്രിമാർ , പ്രതിപക്ഷ നേതാവ് , ചീഫ് വിപ്പ് തുടങ്ങിയവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫുകൾ / പെൻഷൻകാർ , കുടുംബ പെൻഷൻകാർ എന്നിവരെയാണ് നിലവിൽ ഉൾപെടുത്തിയിരിക്കുന്നത് . സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അത്തരം സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ ഉത്തരവ് പ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരെ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വിഭാഗത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ എം.എൽ.എ. മാരുടെ പി.എ മാർ ഉൾപ്പെടെയുള്ള അത്തരം ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | |

**സെക്ഷൻ ഓഫീസർ**